"ഭരണഭാഷ – മാതൃഭാഷ"

കേരള സംസ്ഥാനം
വ്യാവസായിക പരിശീലനവകുപ്പ്
വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033 -
Ph:0471-2303856, ഇ:മെയിൽ - cru.dttvpm@kerala.gov.in
വെബ്സൈറ്റ് :www.det.kerala.gov.in

നമ്പർ : DT/4002/2026-F3 തീയതി: 06-08-2026

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് വിഭാഗം - 2026 ഓണാഘോഷത്തോടനുബന്ധിച്ച് 2026 ഓഗസ്റ്റ് 30-ാം തീയതി തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന ഓണാഘോഷ സമാപന ഘോഷയാത്രയോടൊപ്പം വ്യാവസായിക പരിശീലന വകുപ്പ് അവതരിപ്പിക്കുന്ന ഓണ ഫ്ലോട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മുദ്രവെച്ച ദർഘാസുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.

## <u>ദർഘാസ് പരസ്യം</u>

2026 ഓണാഘോഷത്തോടനുബന്ധിച്ച് 2026 ഓഗസ്റ്റ് 30-ാം തീയതി തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന ഓണാഘോഷ സമാപന ഘോഷയാത്രയോടൊപ്പം വ്യാവസായിക പരിശീലന വകുപ്പ് അവതരിപ്പിക്കുന്ന ഓണ ഫ്ലോട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം. | ദർഘാസ് നമ്പർ ഇനം | ദർഘാസ് വിൽപ്പനയുടെ അവസാന തീയതി | ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | ദർഘാസ് തുറക്കുന്ന തീയതി | ദർഘാസിന്റെ വില 18% GST ഉൾപ്പെടെ | പകർപ്പിന് | നിരതദ്രവ്യം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 8 | 9 | 10 |
| 1 | F3/120/2026 | 11/08/2026<br>3 പി എം | 13/08/2026<br>2 പി എം | 13/08/2026<br>3 പി എം | 800+144 = 944 | 400 + 72 = 472 | 4000 |

ദർഘാസിന്റെ വില പണമായിട്ടോ, ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേനയോ മാത്രമേ സ്വീകരിക്കുകയുള്ളൂ. ദർഘാസ് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയ മുദ്രവെച്ച ദർഘാസ് കവറുകൾ ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തൊഴിൽ ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. താമസിച്ചു ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. ഒറിജിനൽ ദർഘാസ് പ്രമാണത്തോടൊപ്പം മേൽപ്പറഞ്ഞ തുക നിരതദ്രവ്യമായും, 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം ) വിലയുള്ള കേരള സർക്കാർ മുദ്രപ്പത്രത്തിൽ പൂർത്തീകരിച്ച പ്രാഥമിക കരാർ ഉണ്ടായിരിക്കേണ്ടതാണ്. ദർഘാസ് തുറക്കുന്ന തീയതി മുതൽ മൂന്ന് മാസം വരെ നിർമ്മാണ ചെലവ് അതേപടി പ്രാബല്യത്തിൽ ഉണ്ടായിരിക്കണം. അല്ലാത്ത ദർഘാസുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾ **www.detkerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ആശയം**

പുതുയുഗ കേരളത്തിന് നൈപുണ്യ പരിശീലനത്തിന്റെ പ്രാധാന്യം, ഒരു കപ്പൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ പ്രദർശിപ്പിക്കുന്നു" എന്ന ആശയം പൊതുജന സമക്ഷം സമർപ്പിക്കുന്നതിന് ഫ്ലോട്ട് രൂപീകരിച്ച് അവതരിപ്പിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

- ഫ്ലോട്ടിന്റെ നീളം - **20** അടിയിൽ കവിയരുത്
- ഫ്ലോട്ടിന്റെ വീതി - **10** അടിയിൽ കവിയരുത്
- ഫ്ലോട്ടിന്റെ ഉയരം - റോഡിൽ നിന്നും **16** അടിയിൽ കവിയരുത്

**<u>നിർദ്ദേശങ്ങളും നിബന്ധനകളും</u>**

1. വകുപ്പിൽ നിന്നും തരുന്ന രൂപരേഖ അനുസരിച്ച് ഫ്ലോട്ടിന്റെ ദൃശ്യങ്ങൾ വഹിക്കുന്നതിനുള്ള വാഹനങ്ങളിൽ ശബ്ദവും, വെളിച്ചവും, ജനറേറ്റർ (ഇന്ധനം) ഉൾപ്പെടെ ആകർഷകമായി ആവിഷ്ക്കരിക്കേണ്ടതാണ്.

2. ഫ്ലോട്ടുകൾ ജീവസ്സുറ്റതും, പരിസ്ഥിതി സൗഹൃദവും ഹരിത ചട്ടങ്ങൾ പാലിച്ചും, വർണ്ണപ്പൊലിമ ഉള്ളതുമായിരിക്കണം.

3. അപകടകരമായ വസ്തുക്കൾ, സ്ഫോടക വസ്തുക്കൾ എന്നിവ കർശനമായും ഒഴിവാക്കേണ്ടതാണ്.

4. ലഭ്യമാകുന്ന ദർഘാസുകളിൽ നിന്നും തിരഞ്ഞെടുക്കുന്നതിന്റെ അന്തിമ തീരുമാനം ബന്ധപ്പെട്ട കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

5. ഫ്ലോട്ടിന്റെ വാഹനം, ലൈറ്റ്, മെറ്റീരിയൽ ലേബർ ചാർജ്ജ്, ജനറേറ്റർ, വാഹന മെക്കാനിക്, മറ്റ് ചെലവുകൾ, ജി എസ് ടി എന്നിവ ഉൾപ്പെടെയുള്ള വിശദമായ റേറ്റ് വിവരങ്ങൾ നൽകേണ്ടതാണ്.

6. **Fire extinguisher** നിർബന്ധമായി ഫ്ലോട്ടിൽ സ്ഥാപിക്കണം

7. ഫ്ലോട്ടുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാ മാലിന്യങ്ങളും (നിർമ്മാണ വേളയിലും,/അവതരണത്തിന് ശേഷവും) കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്.

8. ഫ്ലോട്ടിന് ഉപയോഗിക്കുന്ന വാഹനത്തിന് സാധുവായതും നിയമപരമായിട്ടുള്ളതുമായ എല്ലാ രേഖകളും ഉണ്ടായിരിക്കണം

9. കരാറുകാരൻ **GST Registration** നിർബന്ധമായും ഉണ്ടായിരിക്കണം

10. കരാറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ഈ മേഖലയിൽ 3 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം (ആയതിന്റെ രേഖകൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കണം)

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**9446592202, 9895333271**

Digitally signed by
VASUDEVAN P
Date: 06-08-2026
20:29:21

**അഡീഷണൽ ഡയറക്ടർ**